പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ : 2589

19/12/2012-ൽ
മറുപടിയ്ക്കു്

**ശബരിമല സീറോവേസ്റ്റ് പദ്ധതി**

ചോദ്യം

ശ്രീ. ഇ.പി. ജയരാജൻ
ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)
ശ്രീ. പുരുഷൻ കടലുണ്ടി
ശ്രീ. രാജു എബ്രഹാം

ശബരിമല സീറോ വേസ്റ്റ് പദ്ധതിക്കായി ഇതുവരെയായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്നും ആയതിന്റെ പ്രവർത്തന പുരോഗതിയും വെളിപ്പെടുത്തുമോ?

ഉത്തരം

ശ്രീ. വി.എസ്. ശിവകുമാർ,
ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും
വകുപ്പു മന്ത്രി.

ശബരിമല സീറോവേസ്റ്റ് പദ്ധതിയുടെ ഭാഗമായി ഖരമാലിന്യ നിർമ്മാർജ്ജനത്തിന് സർക്കാർ 5 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ശബരിമല തീർത്ഥാടന കാലത്തും തുടർന്നും ഉണ്ടാകുന്ന മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് ഒരു ശാശ്വത പരിഹാരം കാണുന്നതിനായി സീറോ വേസ്റ്റ് ശബരിമല എന്ന പദ്ധതിയിലൂടെ സർക്കാർ നീക്കിവെച്ചിട്ടുള്ള തുക ഉപയോഗിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. വേസ്റ്റ് ബിന്നുകൾ, കോംമ്പാക്ടർ, ബയിലിംഗ് മെഷീൻ, വേസ്റ്റ് കൺവേയൻസ് വെഹിക്കിൾ എന്നിവ വാങ്ങുന്നതിനുള്ള നടപടികളും സ്വീവേജ് കളക്ഷൻ ടാങ്ക് നിർമ്മാണം എന്നിവയും പൂർത്തീകരിച്ചിട്ടുണ്ട്. പിറ്റ്സ് സമയ ബന്ധിതമായി നിർമ്മിക്കുന്നതിനും മാലിന്യ സംഭരണ സൗകര്യങ്ങൾക്കുമായി ഒരു excavator വാങ്ങുകയും ക്ഷേത്ര പരിസരത്തും തീർത്ഥാടന പാതയിലും ആവശ്യാനുസരണം പുതുതായി 400 ഓളം വേസ്റ്റ് ബിൻ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ ആരോഗ്യ വകുപ്പിന്റെ മേൽനോട്ടത്തിൽ fumigation, chlorination തുടങ്ങിയ dis infection പദ്ധതികളും നടത്തിവരുന്നു. ഈ വർഷത്തെ തീർത്ഥാടനത്തിനു മുന്നോടിയായി മാതാ അമൃതാനന്ദമയി മഠം, സത്യസായി സേവാ സമിതി, അഖിലഭാരത അയ്യപ്പ സേവാസംഘം, ശബരിമല സാനിറ്റേഷൻ സൊസൈറ്റി തുടങ്ങിയ സംഘടനകളുടെ സന്നദ്ധ പ്രവർത്തകരെ സംഘടിപ്പിച്ചുകൊണ്ട് പമ്പ മുതൽ സന്നിധാനം വരെയുള്ള പ്രദേശങ്ങളിൽ വിപുലമായ ശുചീകരണ പ്രവർത്തനങ്ങൾ 4/11/2012 മുതൽ 11/11/2012 വരെ നടത്തി.

സീസൺ സമയത്ത് പത്തനംതിട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ശബരിമല സാനിറ്റേഷൻ സൊസൈറ്റി ശുചീകരണ പ്രവർത്തനം നടത്തിവരുന്നു. കൂടാതെ പുണ്യം-പൂങ്കാവനം എന്ന പദ്ധതിയിലൂടെ ശബരിമലയിൽ ഡ്യൂട്ടിയിലുള്ള എല്ലാ ജീവനക്കാരെയും ഉൾപ്പെടുത്തി ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്.

സെക്ഷൻ ഓഫീസർ